# Athmaraksha.org

പാപ്പയിൽ നിറഞ്ഞുനിൽക്കുന്ന സ്വഭാവഗുണങ്ങൾ

## ഫ്രാൻസിസ് പാപ്പ തന്റെ മരണത്തെക്കുറിച്ച്



ആദ്യമായി തന്റെ മരണത്തെക്കുറിച്ചുള്ള ചിന്തകൾ ഫ്രാൻസിസ് പാപ്പാ പങ്കുവെച്ചു. മറ്റനവധി ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കുന്നതിനിടയിലായിരുന്നു. തന്റെതന്നെ ജീവിതത്തെക്കുറിച്ച് പാപ്പാ പറഞ്ഞത്. ജനപ്രീതിയെക്കുറിച്ചുള്ള മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് അത് ദൈവജനത്തിന്റെ ഔദാര്യമാണെന്നായിരുന്നു പാപ്പയുടെ മറുപടി.

"എന്റെ പാപങ്ങളെക്കുറിച്ചും തെറ്റുകളെക്കുറിച്ചും ഓർമ്മിക്കാനും അഹങ്കരിക്കാതിരി ക്കാനുമാണ് ഞാൻ ശ്രമിക്കുന്നത്. കാരണം കുറച്ചുകാലത്തേയ്ക്കേ ഇതുണ്ടാകൂ എന്നെനിക്കറിയാം. രണ്ടോ മൂന്നോ വർഷം. അതു കഴിഞ്ഞാൽ എന്റെ പിതാവിന്റെ ഭവനത്തിലേക്കു ഞാൻ പോകും."

നാഡീസംബന്ധമായ ചില അസ്വസ്ഥതകൾ തനിക്കുണ്ടെന്നും പാപ്പാ വെളിപ്പെ ടുത്തി. അതിന് ചികിത്സ ആവശ്യമാണ്. അർജ്ജന്റീനക്കാർ ഉന്മേഷത്തിനു പയോഗി ക്കുന്ന തേയിലക്കൂട്ട് എല്ലാ ദിവസവും കഴിക്കുക എന്നതാണ് ഈ പ്രശ്നത്തിനുള്ള പരിഹാരം എന്നും പാപ്പ വ്യക്തമാക്കി.